"ഭരണഭാഷ-മാതൃഭാഷ"

കളക്ടറേറ്റ്, പാലക്കാട്,
പിൻ: 678001
ഫോൺ:0491-2505309
ഫാക്സ്:0491-2505566
ഇമെയിൽ: pkd-colt.msg@kerala.gov.in
തിയ്യതി:[21-12-2024]

പ്രേഷകൻ

ജില്ലാ കളക്ടർ,
പാലക്കാട്.

സ്വീകർത്താവ്

1.ജില്ലാ പോലീസ് മേധാവി,
പാലക്കാട്.
2.ജില്ലാ മൃഗ സംരക്ഷണ ഓഫീസർ,
പാലക്കാട്.

സർ ,

വിഷയം :- മൃഗങ്ങൾക്കെതിരെയുള്ള അതിക്രമം തടയൽ നിയമം 1960 - കാളപൂട്ട് മത്സരം നിരോധിക്കണം - walking eye foundation For Animal Advocacy സമർപ്പിച്ച അപേക്ഷ - നിർദ്ദേശം സംബന്ധിച്ച്.

സൂചന :- 1.അഗ്രികൾച്ചർ(അനിമൽ പ്രൊട്ടക്ഷ്) വകുപ്പിന്റെ 17/01/2015 തിയ്യതിയിലെ 5460/ഓഫഇ-22/13ഓഅ നമ്പർ സർക്കുലർ
2.walking eye foundation For Animal Advocacy 07/12/2024 തിയ്യതിയിൽ ഈ - മെയിൽ മുഖേന സമർപ്പിച്ച അപേക്ഷ
3.സീനിയർ ഗവൺമെന്റ് പ്ലീഡറുടെ 20.12.2024 തീയതിയിലെ WP(C) No.45686/2024/RN നമ്പർ കത്ത്

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിയ്ക്കുന്നു. പാലക്കാട്, മലപ്പുറം ജില്ലകളിൽ നടക്കുന്ന കാളപ്പൂട്ട് മത്സരം സൂചന (1) പ്രകാരമുള്ള സർക്കുലറിനെതിരാണ് എന്ന് കാണിച്ച് സൂചന(2) പ്രകാരം walking eye foundation For Animal Advocacy നിവേദനം നല്കിയിരുന്നു. കൂടാതെ പ്രസ്തുത വിഷയത്തിൽ സംഘടന ബഹു. കേരള സംസ്ഥാന ഹൈക്കോടതി മുമ്പാകെ WP(C) No.45686/2024 കേസ്സ് ഫയൽ ചെയ്തിട്ടുണ്ട്.

പ്രസ്തുത കേസ്സിൽ മലപ്പുറം, പാലക്കാട് ജില്ലാ കളക്ടർമാർ 22.12.2024 തിയ്യതിക്ക് മുൻപ് പ്രസ്തുത വിഷയത്തിൽ തീരുമാനം സ്വീകരിച്ച് അറിയിക്കണമെന്ന് ബഹു.കേരള ഹൈക്കോടതി നിർദേശിച്ചിട്ടുണ്ടെന്ന് സീനിയർ ഗവൺമെന്റ് പ്ലീഡർ സൂചന (2) പ്രകാരം അറിയിച്ചിട്ടുണ്ട് .

ആയതിനാൽ പാലക്കാട് ജില്ലയിൽ അനുമതിയില്ലാതെയുള്ള

കാളപൂട്ട് മത്സരങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കേണ്ടതും അപ്രകാരമുള്ള കാളപൂട്ട് മത്സരങ്ങൾ സംഘടിപ്പിക്കുന്നവർക്കെതിരെ മൃഗങ്ങൾക്കെതിരെയുള്ള അതിക്രമം തടയൽ നിയമം 1960 സെക്ഷൻ 34, ഇന്ത്യൻ ശിക്ഷാ നിയമം (45 of 1860) സെക്ഷൻ 21 എന്നിവ പ്രകാരം തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് നിർദ്ദേശിക്കുന്നു.

മേൽ പ്രസ്താവിച്ച നിവേദനവും പ്രസ്തുത കേസ്സിലെ പ്ലെയിന്റ് കോപ്പിയും ഇതു സഹിതം അയയ്ക്കുന്നുസ്വീകരിച്ച നടപടികളെ സംബന്ധിച്ച റിപ്പോർട്ട് സമയബന്ധിതമായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ

ജില്ലാ കളക്ടർ

ജില്ലാകളക്ടർക്കുവേണ്ടി

ഉള്ളടക്കം:മേൽ പ്രസ്താവിച്ച നിവേദനവും പ്ലെയിന്റ് കോപ്പിയും

Signed by
Dr Chithra S Ias
Date: 21-12-2024 07:39:06